

19-05-2023

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/05/2023.

1. കരപ്പുറത്തിന്റെ കാർഷികപ്പെരുമ വിളിച്ചറിയിക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയ്ക്ക് ഇന്ന് (19/05/2023) ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ തുടക്കം കുറിക്കും. ചേർത്തലയെ കൂടുതൽ കാർഷിക സമൃദ്ധമാക്കുന്നതിന് "കരപ്പുറം ചേർത്തല"- വിഷൻ- 2026' എന്ന പേരിൽ തയ്യാറാക്കിയ പദ്ധതിക്ക് കാർഷികമേളയിൽ വച്ച് പ്രകാശനം ചെയ്യുന്നതാണ്. കാർഷിക പ്രദർശനം, കാർഷിക സെമിനാർ, കൃഷിയിട സന്ദർശനം, കാർഷിക സംരംഭകർക്കും കർഷക ഗ്രൂപ്പുകൾക്കും അവരുടെ ആശയങ്ങൾ വിപുലീകരിച്ച് പ്രാവർത്തികമാക്കാൻ സഹായിക്കുന്ന ഡിപിആർ ക്ലിനിക്, കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ട് മെച്ചപ്പെട്ട വിപണന സാധ്യതകൾ കണ്ടെത്തുവാൻ ഉതകുന്ന ബി2ബി മീറ്റ് തുടങ്ങിയവ കരപ്പുറം കാർഷിക കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

19-ന് വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് ചേർത്തല തെക്ക് SCB മായിത്തറ ബ്രാഞ്ചിന് സമീപത്തു നിന്ന് ആരംഭിക്കുന്ന കാർഷിക ഘോഷയാത്രയോടെ കരപ്പുറം കാഴ്ചയ്ക്ക് ആരംഭം കുറിക്കും. തുടർന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ പട്ടികജാതി വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടനം നിർവ്വഹിക്കും.

2023 മെയ് 20-ന് കർഷകരുടെയും കൃഷിക്കൂട്ടങ്ങളുടെയും ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി സ്വന്തമാക്കുന്നതിനും, അവരുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി സംരംഭകരുമായി ഒത്തുചേർക്കുന്നതിനുമായി ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ബി2ബി (ബിസിനസ്)മീറ്റ് സംഘടിപ്പിക്കുന്നു.

മെയ് 22-ന് ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി കർഷകർ നേരിടുന്ന വിവിധ കാർഷിക പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിനും പരിഹാരങ്ങൾ തയ്യാറാക്കുവാനും നിർദ്ദേശിക്കുവാനുമായി ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷി-അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥരും കാർഷിക ശാസ്ത്രജ്ഞരും വിദ്യാർത്ഥികളും കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മെയ് 24-ന് കർഷക സംരംഭകരുടെ ആശയങ്ങൾക്ക് അനുയോജ്യമായ ബാങ്ക് വായ്പ്പ ലഭ്യമാക്കുന്നതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിന്റെ ഭാഗമായി ഡി പി ആർ ക്ലിനിക്ക് സംഘടിപ്പിക്കും. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ പ്രധാന വേദിയിൽ മെയ് 20 മുതൽ 27 വരെ വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകൾ സംഘടിപ്പിക്കും.

സമാപനദിവസം രാവിലെ ഓലകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന പരിശീലനവും ഉണ്ടായിരിക്കും. 28-ന് വൈകിട്ട് 4 മണിക്ക് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമാപന സമ്മേളനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.

2. മെയ് 20 ലോക തേനീച്ച ദിനാഘോഷത്തോടനുബന്ധിച്ച് ഫെഡറേഷൻ ഓഫ് ഇന്റിജീനസ് എപ്പികൾച്ചറിസ്റ്റിന്റെ ആഭിമുഖ്യത്തിൽ നബാർഡ്, കാനറാ ബാങ്ക്, മാരിക്കോ എന്നിവരുടെ സഹകരണത്തോടെയാണ് തിരുവനന്തപുരം വൈ എം സി എ ഹാളിൽ തേനീച്ച ദിനാഘോഷം സംഘടിപ്പിക്കുന്നു. കാർഷിക ഉത്പാദന വർദ്ധനവിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും തേനീച്ച ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ടി ഐക്യരാഷ്ട്ര സംഘടന മെയ് 20 ലോക തേനീച്ച ദിനമായി ആഘോഷിക്കുന്നു. കാർഷികോൽപാദന കമ്മീഷണറും കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി അശോക് ഐ എ എസ് ഉദ്ഘാടനവും ചെറുതേനീച്ച കോളനി വിതരണവും നിർവഹിക്കും. തേനീച്ച കൃഷിയിൽ തെങ്ങ്-റബ്ബർ വൃക്ഷങ്ങളുടെ പ്രാധാന്യം- മുഖാമുഖം, തേനീച്ച വളർത്തൽ സാധ്യതകൾ, പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവയെ അധികരിച്ചുള്ള കർഷകർ, സാങ്കേതികവിദഗ്ധർ എന്നിവരുടെ സംവാദവും ഉണ്ടാകും. കർഷകർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി 9446558462, 6238613388 എന്നീ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസ്സർ, അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക.

4. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പെയിന്റിംഗ്, ചിത്രരചന മത്സരങ്ങൾ മെയ് 23ന് യു. പി, ഹൈ സ്കൂൾ വിഭാഗങ്ങൾക്കായും ഉപന്യാസരചന, ഡയറി ക്വിസ് എന്നിവ മെയ് 24ന് ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായും നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മെയ് 22ന് വൈകുന്നേരം 4 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രവുമായി 0471 2440911 എന്ന ഫോൺ മുഖേനയോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **കൂൺകൃഷി ആരോഗ്യത്തിനും ആദായത്തിനും** എന്ന വിഷയത്തിൽ മെയ് 26 ന് കമ്മ്യൂണികേഷൻ സെൻറർ ,മണ്ണുത്തിയിൽ വെച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് ആദായകരമായ രീതിയിൽ എങ്ങനെ ശാസ്ത്രീയമായി കൂൺ കൃഷി ചെയ്യാം എന്നതിനെപ്പറ്റി വിദഗ്ധ ഉപദേശവും സാങ്കേതിക പരിശീലനവും നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 300/രൂപ. പങ്കെടുക്കാൻ താൽപര്യമുളള മെയ് 23 നു മുമ്പായി 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

6. ജൂൺ 1 ലോക ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 26 ന് (26.05.2023) ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്രരചന (പെൻസിൽ ഡ്രോയിംഗ്) മത്സരം നടത്തുന്നു. മെയ് 26 ന് രാവിലെ 10 മണി മുതൽ ഡയറി ക്വിസ് മത്സരവും 11 മണി മുതൽ ചിത്രരചന മത്സരവും സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മെയ് 24ന് വൈകിട്ട് 5 മണിക്ക് മുൻപായി 0476-2698550, 8089391209 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.